പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1740 06.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പുതിയ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച പഠനം നടത്താൻ പ്രൊഫ. സുശീൽ ഖന്നയെ നിയമിച്ചു. കൂടാതെ പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാന ദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 01.02.2017 മുതൽ പ്രതിദിന |

| | | | |
|---|---|---|---|
| | | | ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിൽ നടത്തി വരുകയും ചെയ്യുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോഴിക്കോട് ജില്ലയിൽ പുതുതായി ആരംഭിച്ച കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഏതെല്ലാമെന്നും കൊയിലാണ്ടി മണ്ഡലത്തിൽ പുതുതായി ആരംഭിച്ച സർവ്വീസുകൾ ഏതെല്ലാമെന്നും അറിയിക്കാമോ? | (ബി) | അനുബന്ധം ആയി ചേർക്കുന്നു. |

[signature]

സെക്ഷൻ ഓഫീസർ

അനുബന്ധം

## കെ.യു.ആർ.ടി.സി സർവ്വീസുകൾ

1. താമരശ്ശേരി – കൊയിലാണ്ടി – മഞ്ചേരി
2. താമരശ്ശേരി – കൊയിലാണ്ടി – പെരിന്തൽമണ്ണ
3. താമരശ്ശേരി – കോഴിക്കോട് – കറ്റിയാടി
4. താമരശ്ശേരി – കൊയിലാണ്ടി – കണ്ണൂർ
5. താമരശ്ശേരി – കൊയിലാണ്ടി – അരിക്കോട്
6. തൊട്ടിൽപ്പാലം – വടകര (5 സർവ്വീസുകൾ)
7. കോഴിക്കോട് - കൂരാച്ചുണ്ട്

## കെ.എസ്.ആർ.ടി.സി സർവ്വീസുകൾ

1. തൊട്ടിൽപ്പാലം – കമളി
2. കോഴിക്കോട് – തിരുവനന്തപുരം
3. കോഴിക്കോട് – കടലുണ്ടികടവ്
4. വടകര – ചെറുവണ്ണൂർ - മെഡിക്കൽകോളേജ്

## കൊയിലാണ്ടി മണ്ഡലവുമായി ബന്ധപ്പെട്ടുന്ന സർവ്വീസുകൾ

1. താമരശ്ശേരി – കൊയിലാണ്ടി – മഞ്ചേരി
2. താമരശ്ശേരി – കൊയിലാണ്ടി – പെരിന്തൽമണ്ണ
3. താമരശ്ശേരി – കോഴിക്കോട് – കറ്റിയാടി
4. താമരശ്ശേരി – കൊയിലാണ്ടി – കണ്ണൂർ
5. താമരശ്ശേരി – കൊയിലാണ്ടി - അരീക്കോട്

...

സെക്ഷൻ ഓഫീസർ